(ബി) കേന്ദ്ര സർക്കാരിന്റെ ടൂറിസം പദ്ധതിയിലെ ഏതെല്ലാം ഫണ്ടുകളാണ് മണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ചമ്രവട്ടം പാലം മുതൽ പൊന്നാനി അഴിമുഖം വരെയുള്ള കർമ്മറോഡിനോട് ചേർന്ന് റിവർ സൈഡ് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) മറൈൻ മ്യൂസിയം കർമ്മാ റോഡ് ബ്യൂട്ടിഫിക്കേഷനായി 436 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയായ ഡി.റ്റി.പി.സി. മലപ്പുറത്തിന് പദ്ധതി നിർവ്വഹണത്തിനായി 1,45,33,333 രൂപ ആദ്യ ഗഡുവായി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 2007-08 സാമ്പത്തിക വർഷത്തിൽ 4,85,12,000 രൂപയുടെ "Development of Nila Heritage Tourism Circuit" എന്ന പേരിൽ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതി പൂർത്തിയായിട്ടുണ്ട്. ടി പദ്ധതിയിൽ മലപ്പുറം ജില്ലയിലെ പൊന്നാനി മണ്ഡലവും ഉൾപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ടൂറിസം വികസന പദ്ധതികൾ

300(4587) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി ഈ സർക്കാർ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ;

(ബി) സ്പൈസ് റൂട്ട് ഇൻ മലബാർ സോൺ സ്കീമിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം; മുൻ സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത പന്തലായനി സ്പൈസ് റൂട്ട് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ടൂറിസം വികസന സാദ്ധ്യതകൾ കണ്ടെത്തിയ പ്രദേശങ്ങളെ വികസിപ്പിച്ച് ടൂറിസം പദ്ധതികൾ തയ്യാറാക്കുന്നതിലേയ്ക്ക് ടൂറിസം പ്രൊമോഷൻ കൗൺസിലും ടൂറിസം ഡിപ്പാർട്ട്മെന്റും നടത്തുന്ന നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആദ്യപടിയായി ടൂറിസം സാദ്ധ്യതകൾ ഉള്ള പ്രദേശങ്ങൾ ഉദ്യോഗസ്ഥർ സന്ദർശിച്ചിരുന്നുവോ; തുടർനടപടികൾ എന്തെല്ലാം സ്വീകരിച്ചു, വിശദമാക്കാമോ;

(ഇ) കൊയിലാണ്ടി മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ടൂറിസം കേന്ദ്രമായ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പ്രോജക്ടിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ടൂറിസം വികസനത്തിനായി ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ ടെയിനിംഗ് അക്കാദമി തുടങ്ങുന്നതിനായി 2.75 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 1,37,50,000 രൂപ പദ്ധതി നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകുകയുണ്ടായി.

(ബി) ഈ സംരംഭവുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾക്ക് കൂടുതൽ വ്യക്തത കൈവന്നിട്ടില്ല.

(സി&ഡി) താഴെപറയുന്ന സ്ഥലങ്ങളിൽ ടൂറിസം വികസന സാദ്ധ്യതകളുള്ളതായി കണ്ടെത്തിയിട്ടുണ്ട്:

1. കാപ്പാട് ചിൽഡ്രൻസ് പാർക്ക്
2. കൊല്ലം-പാറപ്പള്ളി മഖാം (തീർത്ഥാടന ടൂറിസം)
3. തിക്കോടി ഡ്രൈവ് ഇൻ ബീച്ച്
4. മൂടാടി ഉരുപുണ്യക്കാവ് ക്ഷേത്രം (തീർത്ഥാടന ടൂറിസം)
5. നെല്ലാടിക്കടവ് പാലത്തിന് സമീപം
6. അരണലക്കടവ് കണ്ടൽക്കാട്
7. കണയങ്കോട് പാലത്തിന് സമീപം
8. നായാടൻപൂഴ ഗതാഗത യോഗ്യമാക്കൽ.

ഇതിൽ നായാടൻപൂഴ, അരണലക്കടവും ഒഴികെയുള്ള സ്ഥലങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിച്ച് സാധ്യതകൾ വിലയിരുത്തുകയും ടൂറിസം വികസനത്തിനായി സ്ഥല ലഭ്യത മനസ്സിലാക്കാൻ സർവ്വേ നടത്താൻ റവന്യൂ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇതിന്റെ ടൂറിസം സാധ്യതാ പഠനം നടത്തേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly